ഹോക്കിയിൽ മലപ്പുറത്തിന്റെ തിളക്കം

ടി. ഫാത്തിമ ജിൻഷയും പി. ഫാത്തിമ റിൻഷയുംദേശീയ മത്സരത്തിന്

ദേശീയ സ്കൂൾ ഗെയിംസ് ഹോക്കി ടൂർണമെന്റിനുള്ള കേരള ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കടുങ്ങപുരം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ ടി. ഫാത്തിമ ജിൻഷ, പി. ഫാത്തിമ റിൻഷ എന്നിവർ.

പുഴക്കാട്ടിരി: ദേശീയ സ്കൂൾ ഗെയിംസ് ഹോക്കിയിൽ പങ്കെടുക്കുന്ന കേരള ടീമിൽ ഇടം നേടി കടുങ്ങപുരം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിനികളായ ടി. ഫാത്തിമ ജിൻഷയും പി. ഫാത്തിമ റിൻഷയും. തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂളിൽ നടന്ന സംസ്ഥാന സ്കൂൾ ജൂനിയർ ഹോക്കി ടൂർണമെന്റിൽ പങ്കെടുത്ത 200-ഓളം കായികതാരങ്ങളിൽ നിന്നാണ് 18 അംഗ സംസ്ഥാന ടീമിലേക്ക് ഇരുവർക്കും സെലക്ഷൻ ലഭിച്ചത്.

ടൂർണമെന്റിൽ വെങ്കല മെഡൽ നേടിയ മലപ്പുറം ജില്ലയ്ക്കായി ഫോർവേഡ് സ്ഥാനത്ത് മികച്ച പ്രകടനം കാഴ്ചവെച്ച ജിൻഷ, മത്സരത്തിലുടനീളം ഗോളുകൾ സ്കോർ ചെയ്താണ് ശ്രദ്ധേയയായത്. കടുങ്ങപുരം തായാട്ട് മുഹമ്മദലി - സഫിയ ദമ്പതികളുടെ മകളാണ് ജിൻഷ. മധ്യപ്രദേശ്, ഝാർഖണ്ഡ് എന്നിവിടങ്ങളിൽ നടന്ന ദേശീയ സബ് ജൂനിയർ, ജൂനിയർ ഹോക്കി ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുത്ത ജിൻഷ ഇത് മൂന്നാം തവണയാണ് കേരള ജേഴ്സിയണിയുന്നത്.

മധ്യനിരയിലെ കരുത്തുറ്റ പ്രകടനമാണ് റിൻഷയ്ക്ക് ടീമിൽ ഇടം നൽകിയത്. പാലക്കത്തൊടി ലിയാഖത്തലി - റജീന ദമ്പതികളുടെ മകളാണ് റിൻഷ. മധ്യപ്രദേശിൽ നടന്ന ദേശീയ സബ് ജൂനിയർ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത റിൻഷയ്ക്ക് ഇത് രണ്ടാം ദേശീയ മത്സരമാണ്.

കഴിഞ്ഞ നാല് വർഷമായി സംസ്ഥാന സ്കൂൾ ഗെയിംസിലും കേരള ഹോക്കി ചാമ്പ്യൻഷിപ്പുകളിലും ഇരുവരും സജീവമാണ്. മങ്കട ഉപജില്ലാ ഗെയിംസ് ഓവറോൾ ചാമ്പ്യന്മാരായ കടുങ്ങപുരം സ്കൂളിലെ ഖൊ-ഖൊ, ഹോക്കി, ഹാൻഡ്ബോൾ, അത്‌ലറ്റിക്സ് ടീമുകളിലും ഇരുവരും അംഗങ്ങളാണ്.

ജില്ലയിൽ സുരക്ഷിതമായ ഹോക്കി കളിക്കളങ്ങളോ ശാസ്ത്രീയ പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങളോ ഇല്ലാതിരുന്നിട്ടും പരിമിതികളെ അതിജീവിച്ചാണ് ഇവർ ഈ നേട്ടം കൈവരിച്ചത്. മികച്ച സൗകര്യങ്ങൾ ലഭിച്ചാൽ കൂടുതൽ പ്രതിഭകളെ വളർത്തിയെടുക്കാൻ സാധിക്കുമെന്ന് പരിശീലകരായ വി. സജാത് സാഹിർ, മുഹമ്മദ് ഷഫീഖ് എന്നിവർ പറഞ്ഞു. ഡിസംബർ 20 മുതൽ ഒഡീഷയിൽ ആരംഭിക്കുന്ന ദേശീയ ചാമ്പ്യൻഷിപ്പിനുള്ള തയ്യാറെടുപ്പിലാണ് ഈ മിടുക്കികൾ.

സിബിഎസ്ഇ സർഗോത്സവവും ഐടി മേളയും സമാപിച്ചു

കോട്ടക്കൽ സേക്രഡ് ഹാർട്ട് സ്കൂൾ മുന്നിൽ

പെരിന്തൽമണ്ണ: സഹോദയ സ്കൂൾ കോംപ്ലക്സ് മലപ്പുറം റീജിയൻ സംഘടിപ്പിച്ച സിബിഎസ്ഇ ജില്ലാ കലോത്സവ സ്റ്റേജിതര മത്സരങ്ങളായ സർഗോത്സവവും ഐടി മേളയും വളാഞ്ചേരി ഡോ. എൻ.കെ. മുഹമ്മദ് മെമ്മോറിയൽ എംഇഎസ് സെൻട്രൽ സ്കൂളിൽ സമാപിച്ചു. സഹോദയ അംഗങ്ങളായ ജില്ലയിലെ 62 സ്കൂളുകളിൽ നിന്നായി 2500ൽപരം വിദ്യാർഥികൾ വിവിധ ഇനങ്ങളിൽ മാറ്റുരച്ചു.

67 ഇനങ്ങളുടെ ഫലം വന്നപ്പോൾ കോട്ടക്കൽ സേക്രഡ് ഹാർട്ട് സ്കൂൾ ഒന്നാമതും കുറ്റിപ്പുറം എംഇഎസ് കാമ്പസ് സ്കൂൾ രണ്ടും തിരൂർ ബെഞ്ച്മാർക് ഇന്റർനാഷണൽ സ്കൂൾ മൂന്നാം സ്ഥാനത്താണ്.

കാറ്റഗറിതല വിജയികൾ. കാറ്റഗറി- ഒന്ന്. 1. ഗുഡ്വിൽ ഇംഗ്ലീഷ് സ്കൂൾ പൂക്കോട്ടുംപാടം 62. 2.ജെംസ് പബ്ലിക് സ്കൂൾ കൂരിയാട്. 2.പീസ് പബ്ലിക് സ്കൂൾ കോട്ടക്കൽ. 3. സേക്രഡ് ഹാർട്ട് കോട്ടക്കൽ 51. കാറ്റഗറി-രണ്ട്. 1. എംഇഎസ് കുറ്റിപ്പുറം 97, 2. സേക്രഡ് ഹാർട്ട് 83. 3.ജെംസ് പബ്ലിക് സ്കൂൾ കൂരിയാട് 81.കാറ്റഗറി-മൂന്ന്. 1.എംഇഎസ് കാമ്പസ് സ്കൂൾ കുറ്റിപ്പുറം 131. 2. സേക്രഡ് ഹാർട്ട് കോട്ടക്കൽ 123. 3. പീസ് കോട്ടക്കൽ121.കാറ്റഗറി-നാല് 1. സേക്രഡ് ഹാർട്ട് കോട്ടക്കൽ 161, 2. എംഇഎസ് വളാഞ്ചേരി 159, 3. എയർപോർട്ട് സ്കൂൾ കരിപ്പൂർ 153.

സ്റ്റേജിതര ഇനങ്ങളുടെ ഫലങ്ങൾ 14, 15 തിയതികളിൽ പുഴക്കാട്ടിരി പിഇഎസ് ഗ്ലോബൽ സ്കൂളിൽ നടക്കുന്ന സ്റ്റേജിന മത്സരങ്ങളിൽ കൂട്ടി 15 ന് കലോത്സവ സമാപന വേദിയിൽ ഓവറോൾ സമ്മാനങ്ങൾ വിതരണം ചെയ്യുമെന്ന്സഹോദയ മലപ്പുറം മേഖല പ്രസിഡന്റ് എം. അബ്ദുൾ നാസർ, സ്കൂൾ ചെയർമാൻ മൻസൂർ അലി ഗുരുക്കൾ, സെക്രട്ടറി പി.പി. മൊയ്തീൻ, പ്രിൻസിപ്പൽ ജോബിൻ സെബാസ്റ്റ്യൻ, സഹോദയ ഭാരവാഹികളായ പി. ഹരിദാസ്, കെ. ഗോപകുമാർ, പി. നിസാർഖാൻ, ഹഫ്സ കാരാടൻ, പി. ധന്യ, ജോസ് ലിൻ ഏലിയാസ്, കെ. പ്രദീപ്, എസ്. സ്മിത എന്നിവർ അറിയിച്ചു.

മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് നവംബറിൽ തൃശൂർ മാള ഹോളി ഗ്രയ്സ് അക്കാഡമിയിൽ നടക്കുന്ന സംസ്ഥാന സിബിഎസ്ഇ കലോൽസവത്തിൽ പങ്കെടുക്കാം.

സഹായ ഉപകരണ വിതരണം ഇന്ന്

നിലമ്പൂർ: നഗരസഭയിൽ ഭിന്നശേഷിക്കാർക്ക് ഇന്ന് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യും. രാവിലെ 11ന് നിലമ്പൂർ നഗരസഭാ ഓഫിസിലാണ് ഉപകരണ കൈമാറ്റം.കൃത്രിമ കാലുകൾ, കൃത്രിമ കൈകൾ എന്നിവ ഉൾപ്പെടെ വിവിധതരം സഹായ ഉപകരണങ്ങൾ 60ഓളം ഭിന്നശേഷിക്കാർക്ക് നൽകും.23 പേർക്ക് നേരത്തേ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 30 ലക്ഷം രൂപയുടെ സഹായ ഉപകരണങ്ങളാണ് ഇന്ന് നൽകുക.

നിയമനം

മലപ്പുറം: വണ്ടൂർ സർക്കാർ ഹോമിയോ കാൻസർ സെന്ററിൽ വിവിധ തസ്തികകളിൽ ആറ് മാസ കാലയളവിൽ താത്ക്കാലിക നിയമനം നടത്തുന്നതിനായി 13-ന് രാവിലെ 10ന് കൂടിക്കാഴ്ച നടത്തും.താത്പര്യമുള്ളവർ 13-ന് രാവിലെ 9.30-ന് വണ്ടൂർ സർക്കാർ ഹോമിയോ കാൻസർ സെന്ററിൽ അഭിമുഖത്തിന് ഹാജരാകണം. ഫോൺ: 04931 249600

നിലമ്പൂർ പാത്തിപ്പാറയിൽ ചെമ്മണ്ണ് കടത്തുന്നതിനിടയിൽ പൊലിസ് പിടികൂടിയ ജെസിബിയും ടിപ്പർ ലോറികളും.

ചെമ്മണ്ണ് കടത്ത്: ജെസിബിയും ടിപ്പർ ലോറികളും പിടികൂടി

നിലമ്പൂർ: പാത്തിപ്പാറയിൽ ചെമ്മണ്ണ് കടത്താൻ ഉപയോഗിച്ച ജെസിബിയും രണ്ട് ടിപ്പർ ലോറികളും പിടികൂടി പൊലിസ്. രഹസ്യവിവരത്തെ തുടർന്ന് പൊലിസ് നടത്തിയ പരിശോധനയിലാണ് വാഹനങ്ങൾ പിടികൂടിയത്.

ജിയോളജി വകുപ്പിന് റിപ്പോർട്ട് കൈമാറി. നിലമ്പൂർ മേഖലയിൽ ചെമ്മണ്ണ്, മണ്ണ് കടത്തൽ എന്നിവ സജീവമാണ്. റവന്യൂ അധികൃതരുടെ മൗനാനുവാദത്തോടെ ഒഴിവ് ദിവസങ്ങളിലാണ് ജെസിബി ഉപയോഗിച്ച് കുന്നിടിച്ച് ചെമ്മണ്ണും മണ്ണുമെല്ലാം കടത്തുന്നത്.

പാടങ്ങൾ ഉൾപ്പെടെ നികത്താനാണ് മണ്ണ് ഉപയോഗിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഏറ്റവും കൂടുതൽ സ്ഥലങ്ങളിൽ കുന്നിടിച്ച് മണ്ണ് കടത്തുകയും നിരവധി പാടങ്ങൾ മണ്ണിട്ട് നികുത്തുകയും ചെയ്ത പ്രദേശമാണ് നിലമ്പൂർ. ഒഴിവ് ദിവസങ്ങളിൽ വിളിച്ചാൽ റവന്യൂ ഉദ്യോഗസ്ഥരിൽ ഭൂരിഭാഗവും ഫോൺ എടുക്കാറില്ലെന്ന ആക്ഷേപമുണ്ട്.

പൂക്കൊളത്തൂർ സ്കൂൾ ചാമ്പ്യൻമാർ

മഞ്ചേരി : കിഴിശേരി ഉപജില്ല സ്കൂൾ കായികമേളയിൽ പൂക്കൊളത്തൂർ സിഎച്ച്എം ഹയർ സെക്കൻഡറി സ്കൂൾ ഓവറോൾ കിരീടം നേടി.

71സ്വർണവും 38 വെള്ളിയും 20 വെങ്കലവും ഉൾപ്പെടെ ആകെ 534 പോയിന്റ് നേടിയാണ് പൂക്കൊളത്തൂർ സ്കൂൾ വിജയം കൈവരിച്ചത്. രണ്ടാം സ്ഥാനം നേടിയ സ്കൂളിനേക്കാൾ 364 പോയിന്റിന്റെ വൻ ലീഡ് നേടിയാണ് മേധാവിത്വം ഉറപ്പിച്ചത്.

സ്കൂളിന്റെ കുതിപ്പിന് കരുത്തുപകർന്ന് മികച്ച വ്യക്തിഗത മികവിലൂടെ തിളങ്ങിയ ഒട്ടനവധി പ്രതിഭകളും ഈ നേട്ടത്തിന് മാറ്റുകൂട്ടി. അഭിഷേക്, സിനാൻ, സൻഹ, അശ്വിൻ, അദ്ഹം, അയന, ലയന, ശിബിൽ, മിശ്ഹൽ തുടങ്ങിയ കുട്ടികൾ വിവിധ ഇനങ്ങളിൽ വ്യക്തിഗത ചാമ്പ്യൻമാരായി സ്കൂളിന്റെ അഭിമാനമുയർത്തി.വിജയം നേടിയ കായികതാരങ്ങളെയും പരിശീലകനായ റിഷാദിനെയുംസ്റ്റാഫ് അംഗങ്ങളും പിടിഎ ഭാരവാഹികളും സ്കൂൾ മാനേജ്മെന്റും അഭിനന്ദിച്ചു.

മഞ്ഞപ്പിത്ത ഭീഷണി; വണ്ടൂരിൽ ക്ലോറിനേഷൻ നടപടികൾ തുടങ്ങി

വണ്ടൂർ: മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ നടപടികൾ ശക്തമാക്കി വണ്ടൂർ ഗ്രാമപഞ്ചായത്ത്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കുടിവെള്ള കിണറുകൾ ക്ലോറിനേറ്റ് ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം. ആശാവർക്കർമാരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും നേതൃത്വത്തിലാണ് ക്ലോറിനേഷൻ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ടി. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്തു.

മഞ്ഞപ്പിത്ത ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ അടിയന്തര കർമപദ്ധതികൾക്ക് രൂപം നൽകാൻ കഴിഞ്ഞ ദിവസം പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ അടിയന്തര യോഗം ചേർന്നിരുന്നു.പഞ്ചായത്ത് പരിധിയിലെ കിണറുകൾ ഉൾപ്പെടെയുള്ള മുഴുവൻ കുടിവെള്ള സ്രോതസുകളും പൊതുപൈപ്പുകളും അടിയന്തരമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധീകരിക്കാൻ യോഗത്തിൽ ആരോഗ്യവകുപ്പിന് നിർദേശം നൽകി. കൂടാതെ ഹോട്ടലുകൾ, ജ്യൂസ് കടകൾ, തട്ടുകടകൾ എന്നിവിടങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പരിശോധന കർശനമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ സ്ഥിരസമിതി അധ്യക്ഷൻ ബൈജു ചെമ്പ്ര, വാർഡംഗം സി.ടി. ചെറിയ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

അങ്ങാടിപ്പുറം എഫ്സിഐ റോഡ് നവീകരിക്കുന്നു

നവീകരണ പ്രവൃത്തികൾ നടക്കുന്ന അങ്ങാടിപ്പുറം എഫ്സിഐ റോഡ്.

അങ്ങാടിപ്പുറം : പെരിന്തൽമണ്ണ ഭാഗത്ത് നിന്ന് റെയിൽവേ യാത്രികർക്ക് അങ്ങാടിപ്പുറം റെയിൽവേ സ്റ്റേഷനിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാവുന്ന പ്രധാന പാതയായ എഫ്സിഐ റോഡിന്റെ നവീകരണ പ്രവൃത്തികൾക്ക് തുടക്കമായി.

കഴിഞ്ഞ നാല് പതിറ്റാണ്ടോളമായി പ്രവൃത്തി നടത്താതെ പൂർണമായും തകർന്നുകിടന്നിരുന്ന റോഡാണിത്. വർഷങ്ങളായി കുഴികൾ രൂപപ്പെട്ട് കാൽനടയാത്രക്കാർക്ക് പോലും സഞ്ചരിക്കാൻ കഴിയാത്ത വിധത്തിലാ യിരുന്നു ഈ പാത. റോഡിന്റെ ഇരുവശങ്ങളിലുമുള്ള മരങ്ങൾ വെട്ടിമാറ്റി വീതി കൂട്ടുന്നതടക്കമുള്ള പ്രാരംഭ പ്രവൃത്തികളാണ് ഇപ്പോൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നത്.

പെരിന്തൽമണ്ണ ഭാഗത്തുനിന്ന് നിത്യേന ആയിരക്കണക്കിന് യാത്രക്കാരും വിദ്യാർഥികളുമാണ് ഈ വഴിയിലൂടെ സ്റ്റേഷനിലേക്ക് പോയിക്കൊണ്ടിരുന്നത്. രാത്രികാലങ്ങളിൽ വെളിച്ചമില്ലാത്തതും റോഡരികിലെ ചരക്കുലോറികളുടെ പാർക്കിംഗും കാൽനട യാത്രക്കാർക്ക് ഭീഷണിയായിരുന്നു.

നിർമാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കി റോഡ് ഗതാഗതയോഗ്യമാക്കണമെന്നാണ് പ്രദേശവാസികളുടെയും റെയിൽവേ യാത്രക്കാരുടെയും ആവശ്യം.

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ അതിനൂതന കളക്ഷനായ നയറ കളക്ഷൻ ഡോ. സന്ധ്യ, ഡോ. അനുപമ, സ്മിത മേനോൻ എന്നിവർ ചേർന്നു പുറത്തിറക്കിയപ്പോൾ.

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിൽ പുതിയ കളക്ഷൻ പുറത്തിറക്കി

പെരിന്തൽമണ്ണ: മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ ഏറ്റവും പുതിയ കളക്ഷനായ 'നായറ' പെരിന്തൽമണ്ണ ഷോറൂമിൽ നടന്ന ചടങ്ങിൽ ഔദ്യോഗികമായി അൺവീൽ ചെയ്തു. ആധുനിക ഡിസൈൻ കാഴ്ചപ്പാടുകളും പരമ്പരാഗത നിർമാണ മികവും കോർത്തിണക്കി ലളിതവും അതിമനോഹരവുമായ ശൈലിയിലാണ് നായറ കളക്ഷൻ ഒരുക്കിയിരിക്കുന്നത്.

ചടങ്ങിൽ പെരിന്തൽമണ്ണ ഷോറൂം ഹെഡ് എ.ടി.അബ്ദുൾ നാസർ, ഡോ.സന്ധ്യ, സ്മിത മേനോൻ, ഡോ.അനുപമ എന്നിവർ മുഖ്യാതിഥികളായിരുന്നു. മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം നഈം, സെയിൽസ് മാനേജർ രതിൻ, മറ്റു മലബാർ ഗോൾഡ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ഡെപ്യൂട്ടി ഷോറൂം ഹെഡ് റോഷൻ ലാൽ പ്രസംഗിച്ചു.

മാനിറച്ചിയുമായി ചേക്കോട് സ്വദേശി അറസ്റ്റിൽ

കരുവാരകുണ്ട്: പാകം ചെയ്ത മാനിറച്ചിയുമായി ചുമട്ടുതൊഴിലാളിയായ ചേക്കോട് സ്വദേശി അറസ്റ്റിൽ. കല്ലംകുന്നൻ റസൽ (45) ആണ് പിടിയിലായത്. മാംസം കടത്താനായി ഉപയോഗിച്ച വാഹനവും കസ്റ്റഡിയിലെടുത്തു. റെയ്ഞ്ച് ഓഫിസർ മുബഷിറിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിലാണ്

രണ്ട് കിലോയോളം പാകം ചെയ്ത മാനിറച്ചി ഇയാളുടെ വീട്ടിൽ നിന്ന് പിടികൂടിയത്. വിൽപന നടത്തിയതിന് ശേഷം ബാക്കി വന്ന ഇറച്ചി പാചകം ചെയ്യുകയായിരുന്നു.

ഇയാൾക്ക് മാംസം എത്തിച്ച് നൽകിയ കറുവാരകുണ്ട് സ്വദേശികളെക്കുറിച്ചും അധികൃതർക്ക് വിവരം ലഭിച്ചിട്ടുണ്ട്. ഇയാൾ മുൻപ് വേട്ടയാടിയത് അടക്കമുള്ള കേസുകളിൽ പ്രതിയാണ്. കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫിസർ എസ്. നുജൂം, സെക്ഷൻ ഫോറസ്റ്റ് ഓഫിസർ സി.കെ. വിനോദ് , ബീറ്റ് ഫോറസ്റ്റ് ഓഫിസർമാരായ ശ്രീനാഥ്, നിഷ , സനിത, എന്നിവർ ചേർന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

ലോഗോ പ്രകാശനം ചെയ്തു

പെരിന്തൽമണ്ണ: മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ 22മുതൽ 24 വരെ നടക്കുന്ന പെരിന്തൽമണ്ണ ഉപജില്ലാ ശാസ്ത്രോത്സവത്തിന്റെ ലോഗോ നഗരസഭ ചെയർപേഴ്സൺ പച്ചീരി സുരയ്യ ഫാറൂഖ് പ്രകാശനം ചെയ്തു. വൈസ് ചെയർപേഴ്സൺ ഫസൽ മുഹമ്മദ്, സ്ഥിരസമിതി അധ്യക്ഷരായ നാലകത്ത് ബഷീർ, അമ്പിളി മനോജ്, പ്രതിപക്ഷ നേതാവ് രാഹുൽ, മീഡിയ ആൻഡ് പബ്ലിസിറ്റി കമ്മിറ്റി ചെയർമാൻ ഉനൈസ് കക്കൂത്ത്, ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ കെ.ടി. കുഞ്ഞിമൊയ്തു, പ്രൻസിപ്പൽ എ. അനിൽ കുമാർ, പ്രധാനധ്യാപിക ജസീല കൈനാടൻ, പ്രോഗ്രാം കമ്മിറ്റി കൺവീനർ വി.എൻ. ജയൻ, വിവിധ സബ് കമ്മിറ്റി കൺവീനർമാർ എന്നിവർ പങ്കെടുത്തു.

സ്കൂളിലെ ചിത്രകലാ അധ്യാപകൻ സജി ചെറുകരയാണ് ലോഗോ രൂപകൽപ്പന ചെയ്തത്.

PKS
മലപ്പുറം ജില്ലാ കൺവെൻഷൻ

പട്ടികജാതി ക്ഷേമ സമിതി ജില്ലാ കൺവെൻഷൻ പികെഎസ് സംസ്ഥാന സെക്രട്ടറി വി. പൊന്നുകുട്ടൻ ഉദ്ഘാടനം ചെയ്യുന്നു.

ലൈഫ് ഭവനപദ്ധതി അട്ടിമറിക്കരുത്: പികെഎസ്

കൊളത്തൂർ : ഇടതുപക്ഷ സർക്കാർ നടപ്പാക്കിയ ലൈഫ് ഭവന പദ്ധതി അട്ടിമറിക്കും വിധം യുഡിഎഫ് സർക്കാർ പുതിയതായി തീരുമാനിച്ച ഉപഭോക്തൃവിഹിതം പിൻവലിക്കണമെന്നും ലൈഫ് വീടുകളിൽ ലോഗോ പതിക്കണമെന്ന നിർദേശം ഒഴിവാക്കണമെന്നും പട്ടികജാതി ക്ഷേമ സമിതി ജില്ലാ കൺവെൻഷൻ ആവശ്യപ്പെട്ടു.

പട്ടികജാതി വിഭാഗത്തിന്റെ വീടുകൾക്ക് സർക്കാർ വിഹിതം 10 ലക്ഷം രൂപയാക്കി വർധിപ്പിക്കണമെന്നും പികെഎസ് ആവശ്യപ്പെട്ടു. സംസ്ഥാന സെക്രട്ടറി വി. പൊന്നുകുട്ടൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എൻ.അയ്യപ്പൻകുട്ടി അധ്യക്ഷനായി. ജില്ലാ സെക്രട്ടറി പി.പി. ലക്ഷ്മണൻ പ്രവർത്തന റിപ്പോർട്ടും, ഡിഎസ്എംഎം കേന്ദ്ര കമ്മിറ്റി അംഗം അഡ്വ. കെ. ശാന്തകുമാരി സംഘടനാ റിപ്പോർട്ടും അവതരിപ്പിച്ചു. ത്രിതല പഞ്ചായത്ത് ഉപതിരഞ്ഞെടുപ്പിൽ പാലക്കാട് പല്ലശ്ശന ഡിവിഷനിൽ നിന്ന് വിജയിച്ച വി. പൊന്നുകുട്ടനെ സിപി ജില്ലാ സെക്രട്ടറിവി.പി. അനിൽ ഷാൾ അണിയിച്ച് അനുമോദിച്ചു. ജില്ലാ സെക്രട്ടറിയറ്റംഗം വി. രമേശൻ, കർഷക സംഘം ജില്ലാ സെക്രട്ടറി പി. കെ. അബ്ദുള്ള നവാസ്, കെഎസ്കെടിയു ജില്ലാ പ്രസിഡന്റ് എം.പി. അലവി, മങ്കട ഏരിയ സെക്രട്ടറി മോഹനൻ പുളിക്കൽ, ഏരിയ കമ്മിറ്റി അംഗം അഡ്വ. ടി.കെ. റഷീദലി, പികെഎസ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.കെ. ഗിരിജ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ കെ.പി. സുബ്രഹ്മണ്യൻ, കെ.പി. സന്തോഷ്, സി. ശോഭന, കെ.പി. ബാബുരാജ് ,ടി .പി. വിജയൻ എന്നിവർ പ്രസംഗിച്ചു. ഭാരവാഹികളായി എൻ. അയ്യപ്പൻകുട്ടി (പ്രസി.) കെ.പി. സന്തോഷ്, സി. ശോഭന, രാജൻ പരുത്തിപ്പറ്റ, സി.കെ. ജയകുമാർ,(വൈസ് പ്രസി.) പി.പി. ലക്ഷ്മണൻ (സെക്ര.) അഡ്വ. പി. പ്രദീപ്കുമാർ, പാലക്കണ്ടി വേലായുധൻ, കെ.പി. മോഹനൻ, കെ. ഷീബ (ജോ. സെക്ര.) കെ.പി. സുബ്രഹ്മണ്യൻ

(ട്രഷ.) സി. രവി, ടി.പി. വിജയൻ, പി.സി. നാഗൻ (എക്സിക്യൂട്ടീവ് അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

പരിശീലനത്തിൽ പങ്കെടുത്ത് നിർമിച്ച ജപമാലയുമായി യുവജനങ്ങൾ എംസിവൈഎം നിലമ്പൂർ മേഖലാ ഡയറക്ടർ ഫാ. തോമസ് പുനമഠത്തിലിനൊപ്പം.

ജപമാല നിർമാണ പരിശീലനം

കരുവാരകുണ്ട്: എംസിവൈഎം നിലമ്പൂർ മേഖല കരുവാരകുണ്ട് യൂണിറ്റിന്റെ നേതൃത്വത്തിൽ ജപമാല നിർമാണ പരിശീലന പരിപാടി നടത്തി. കരുവാരക്കുണ്ട് വീട്ടിക്കുന്ന് സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ പള്ളിയിലാണ് പരിശീലനം നൽകിയത്.

നിലമ്പൂർ മേഖലയിലെ എട്ട് ദൈവാലയങ്ങളിൽ നിന്നായി 30ഓളം യുവജനങ്ങൾ പങ്കെടുത്തു. എംസിവൈഎം നിലമ്പൂർ മേഖലാ ഡയറക്ടർ ഫാ. തോമസ് പുനമഠത്തിൽ ഉദ്ഘാടനം ചെയ്തു. എംസി വൈഎം സഭാതല പ്രസിഡന്റ് ക്രിസ്റ്റി വർഗീസ്, മേഖലാ പ്രസിഡന്റ് നിജു ആൻഡ്രൂസ്, ജെഫിൻ ജോസ്, മേഖലാ സെക്രട്ടറി അനു ജോബി, ജിസ്ന ജോഷി, അനീറ്റ ഷാജി,സിസ്റ്റർ സിൽവി മാത്യു ഡിഎം എന്നിവർ നേതൃത്വം നൽകി.

മുഖ്യ തിരഞ്ഞെടുപ്പ കമ്മീഷണർ
വോട്ട് കള്ളൻ
ഗ്യാനേഷ് കുമാർ രാജിവെക്കുക
DYFI MANAKDA BLOCK COMMITTEE

ഡൽഹിയിലെ പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ഡിവൈഎഫ്ഐ നടത്തിയ പ്രതിഷേധ ജ്വാല.

ഡിവൈഎഫ്ഐ പ്രതിഷേധ ജ്വാല

അങ്ങാടിപ്പുറം : വോട്ടർ പട്ടികയിൽ കൃത്രിമം കാണിച്ച മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ രാജിവക്കണമെന്ന് ആവശ്യപ്പെട്ട് ഡൽഹിയിൽ നടക്കുന്ന പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ഡിവൈഎഫ്ഐ മങ്കട ബ്ലോക്ക് കമ്മിറ്റിയും എസ്എഫ്ഐ മങ്കട ഏരിയ കമ്മിറ്റിയും സംയുക്തമായി അങ്ങാടിപ്പുറത്ത് പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു.

എസ്എഫ്ഐ സംസ്ഥാന കമ്മിറ്റി അംഗം എം. അബു ഉനൈസ് ഉദ്ഘാടനം ചെയ്തു. ഡിവൈഎഫ്ഐ മങ്കട ബ്ലോക്ക് പ്രസിഡന്റ് കെ.പി. ഉദിത് അധ്യക്ഷനായി. ബ്ലോക്ക് സെക്രട്ടറി ടി.കെ. അലി അക്ബർ, ജോയിന്റ് സെക്രട്ടറി വി. സജിൻ ലാലു, അങ്ങാടിപ്പുറം ഈസ്റ്റ് മേഖല സെക്രട്ടറി വി. അനിൽ കുമാർ എന്നിവർ നേതൃത്വം നൽകി.

kotak Kotak Mahindra Bank

കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്

രജിസ്റ്റേർഡ് ഓഫീസ് 27, ബി. കെ. സി, സി – 27, ജി ബ്ലോക്ക്, ബാന്ദ്ര കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്), മുംബൈ - 400051
ശാഖ ഓഫീസ് കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്, ഒന്നാം നില, 22, എം ജി റോഡ്, ബാംഗ്ലൂർ – 560001,
കോർപ്പറേറ്റ് ഐഡന്റിറ്റി നമ്പർ – L65110MH1985PLC038137, www.kotak.com

സ്ഥാവര വസ്തുക്കളുടെ ഇ – ലേലം കം വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ – ലേല വിൽപ്പന അറിയിപ്പ്. 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) നിയമങ്ങളുടെ റൂൾ 8 (6) & 9(1) പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരം.

പൊതുജനങ്ങൾക്ക് ഇതിനാൽ പൊതുവെയും പ്രത്യേകിച്ച് വായ്പ എടുത്തയാൾ (കൾ)ക്കും കൂടാതെ/അല്ലെങ്കിൽ പണയക്കാർ (കൾ) എന്നിവർക്ക് അറിയിപ്പ് നൽകുന്നു. താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര വസ്തു (കൾ) കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിൽ ('സെക്യൂർഡ് ക്രെഡിറ്റർ') പണയം വച്ചിരിക്കുന്നു/ചാർജ് ചെയ്തിരിക്കുന്നു. അതിന്റെ ഭൗതിക കൈവശം സെക്യൂർഡ് ക്രെഡിറ്ററുടെ അംഗീകൃത ഉദ്യോഗസ്ഥൻ താഴെയുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന തീയതിയിൽ എടുത്തിട്ടുണ്ട്. ഈ വസ്തു **"എവിടെയാണോ അവിടെ", "എന്താണോ അങ്ങനെ", "എന്തെല്ലാമാണോ അത് റീക്കോഴ്സ് ബേസ് ഇല്ല"** എന്നീ ഇ - ലേലത്തിൽ താഴെ പറയുന്ന തുക കോമ്പൗണ്ട് പലിശയുടെ അടിസ്ഥാനത്തിൽ കരാർ നിരക്കിൽ കൂടുതൽ പലിശയും മറ്റ് ചാർജ്ജുകളും സഹിതം വീണ്ടെടുക്കുന്നതിനായി **05-11-2026** ന് നടക്കും. സെക്യൂർഡ് ക്രെഡിറ്ററായ കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന് നൽകേണ്ട പണമടയ്ക്കൽ/വായ്പ ലഭിക്കുന്നതുവരെ വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരായ M/s. കേരള ഫാഷൻ ജൂവലറി, പണയക്കാർ/ജാമ്യക്കാരായ ശ്രീ. ഒ.കെ. റോയ്, ശ്രീ. ഒ.കെ. ജോജു, ശ്രീ. ഒ.കെ. ബിജു - ശ്രീമതി ഷീജ റോയ്, ശ്രീമതി സിൻഡ്രല ജോജു, ശ്രീമതി മിനി ബിജു, പരേതയായ ശ്രീമതി കൊച്ചുത്രേസ്യയുടെ നിയമപരമായ അവകാശികളായ ശ്രീ. ഒ.കെ. റോയ്, ശ്രീ. ഒ.കെ. ജോജു, ശ്രീ. ഒ.കെ. ബിജു, ശ്രീമതി റോസ്മോൾ ജോൺസൺ എന്നിവരിൽ നിന്നാണ് തുക ഈടാക്കുക. ലേലത്തിന് വച്ചിരിക്കുന്ന സ്ഥാവര വസ്തുവിന്റെ വിശദാംശങ്ങൾ/വിവരണം, കരുതൽ വില, ആദായ നികുതി, കുടിശ്ശികകൾ, 13(2) നോട്ടീസിന്റെ വിശദാംശങ്ങൾ, ഭൗതികമായി കൈവശം എടുത്ത തീയതി, ലേല ഷെഡ്യൂൾ എന്നിവ ചുവടെ പരാമർശിച്ചിരിക്കുന്നു.

ലോട്ട്	വായ്പക്കാരുടെ പേര്	ഇ – ലേലത്തിനുള്ള സ്ഥാവര വസ്തുവിന്റെ വിവരണം	കൈവശപ്പെടുത്തിയ തീയതി	കരുതൽ തുക	13(2) നോട്ടീസ് തീയതിയും നിലവിലുള്ള കുടിശ്ശികയും
1.	ശ്രീ. ഒ.കെ. റോയ്, ശ്രീ. ഒ.കെ. ജോജു, ശ്രീ. ഒ.കെ. ബിജു	മലപ്പുറം ജില്ല, പെരിന്തൽമണ്ണ ഉപ ജില്ല, പെരിന്തൽമണ്ണ താലൂക്ക്, പെരിന്തൽമണ്ണ വില്ലേജിൽ പെരിന്തൽമണ്ണ ദേശം, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി പരിധിയിൽ സർവേ നം. 6/3B1B1B ൽ പെട്ട 12.14 ആർ (30 സെന്റ്), സർവേ നം. 6/3B1B1B ൽ പെട്ട 28.34 ആർ (70 സെന്റ്) ആകെ 100 സെന്റ് സ്ഥലവും സർവ്വവിധ അവകാശങ്ങളും. **ലൊക്കേഷൻ മാപ്പ് പ്രകാരം അതിരുകൾ: കിഴക്ക്:** ചമയം ബാബു വക വസ്തു; **പടിഞ്ഞാറ്:** രാമൻ വക ജലസംഭരണി; **വടക്ക്:** റോഡ്; **തെക്ക്:** ബാക്കി വസ്തു.	10-03-2020 ഓൺലൈൻ ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി 04-11-2026 ന് വൈകുന്നേരം 04.00 വരെ ഇ – ലേലത്തിന്റെ തീയതിയും സമയവും 05-11-2026 ഉച്ചയ്ക്ക് 01.00 നും 02.00 നും മദ്ധ്യേ	രൂപ 3,77,00,000/-(മൂന്ന് കോടി എഴുപത്തേഴ് ലക്ഷം രൂപ മാത്രം) നിരതദ്രവ്യം (ഇ. എം. ഡി.) രൂപ 37,70,000/- (മുപ്പത്തേഴ് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം)	01-08-2026 വരെ രൂപ 90,21,01,374.53 (തൊണ്ണൂറ് കോടി ഇരുപത്തി ഒന്ന് ലക്ഷത്തി ഒരായിരത്തി മുന്നൂറ്റി എഴുപത്തി നാല് രൂപ അൻപത്തി മൂന്ന് പൈസ) 13(2) നോട്ടീസ് തീയതി: 26-08-2016

താഴെ ഒപ്പിട്ട വ്യക്തിക്ക് തന്റെ പൂർണ്ണ വിവേചനാധികാരത്തിലും സാധ്യതയുള്ള വാങ്ങുന്നവരുടെ അഭ്യർത്ഥന പ്രകാരം **22-10-2026** ന് രാവിലെ **11.00** മണി മുതൽ ഉച്ചയ്ക്ക് **03.00** മണി വരെ തന്റെ അംഗീകൃത പ്രതിനിധി/ഏജന്റ് മുഖേന വസ്തുവകകൾ പരിശോധിക്കാൻ ക്രമീകരിക്കാവുന്നതാണ്.

പ്രധാന നിബന്ധനകളും വ്യവസ്ഥകളും 1) 05-11-2026 ന് ഉച്ചയ്ക്ക് 1.00 മണി മുതൽ 02.00 മണി വരെ https://www.bankeauctions.com/ എന്ന വെബ്സൈറ്റ് വഴി 'ഓൺലൈൻ ഇലക്ട്രോണിക് ബിഡ്ഡിംഗ്' വഴി മാത്രമേ ഇ-ലേലം നടത്തുകയുള്ളൂ. ... 3) ഇ-ലേലത്തെക്കുറിച്ചുള്ള വിശദാംശങ്ങൾക്കും വിൽപ്പന നിബന്ധനകൾക്കും ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റ് - https://www.kotak.com/en/bank-auctions.html സന്ദർശിക്കാവുന്നതാണ്. ... "For purchase of Property in the matter of "M/s Kerala Fashion Jewellery /Perinthalmanna property ... 8) ... കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്, അക്കൗണ്ട് നമ്പർ 06410125272001 കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്, നരിമാൻ പോയിന്റ് ബ്രാഞ്ച്, മുംബൈ, ഐ. എഫ്. എസ്. സി. കോഡ് KKBK0000958 ...

... 32) ഇപ്പോഴത്തെ നോട്ടീസ് ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kotak.com ലും അപ്‌ലോഡ് ചെയ്തിട്ടുണ്ട്. താൽപ്പര്യമുള്ള കക്ഷികൾക്ക് ഇത് സന്ദർശിക്കാവുന്നതാണ്. 33) വസ്തുവകകൾ പരിശോധിക്കുന്നതിനോ കൂടുതൽ വിശദാംശങ്ങൾക്കോ ദയവായി ശ്രീ. ലൈജു ചാക്കോ (മൊബൈൽ +91-90371 79712) അല്ലെങ്കിൽ അംഗീകൃത ഓഫീസർ ശ്രീ. ബി.വൈ. അർജുൻ ദേവ് (മൊബൈൽ +91-98809 63608) അല്ലെങ്കിൽ ശ്രീ. പ്രണയ് ഭരുച്ച (മൊബൈൽ +91-70459 28097) എന്നിവരുമായി ബന്ധപ്പെടുക.

സ്ഥലം: മലപ്പുറം, തീയതി: 12-10-2026

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിനു വേണ്ടി.

E2610-604966